# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആവോലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.8)1670/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 15/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആവോലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി.8)1670/23 തീയ്യതി: 15/12/2023

## എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഷെൽമി ജോൺസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ശാലിനി വർഗീസ് | സെക്രട്ടറി | 01-04-2022 | 07-04-2022 |
| ശ്രീമതി ദീപകുമാരി എം കെ | സെക്രട്ടറി | 08-04-2022 | 01-11-2022 |
| ശ്രീ മനോജ് വി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-11-2022 | 13-11-2022 |
| ശ്രീമതി ദീപകുമാരി എം കെ | സെക്രട്ടറി | 14-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അഞ്ജു ടി വേണ | അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ് | 01-04-2022 | 24-04-2022 |
| ശ്രീ ബിനൂപ് കെ സി | അസിസ്റ്റന്റ് സെക്രട്ടറി | 25-04-2022 | 11-07-2022 |
| ശ്രീമതി അഞ്ജു ടി വേണ | അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്ജ് | 12-07-2022 | 19-10-2022 |
| ശ്രീ വി ആർ മനോജ് | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2022 | 31-03-2023 |
| ശ്രീമതി ബിജി പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.പ്രിയ ബെൽരാജ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 02-11-2022 |
| ഡോ.ജൂനിയ കെ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 03-11-2022 | 28-02-2023 |
| ഡോ. പ്രീതി പീറ്റർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-03-2023 | 31-03-2023 |
| ഡോ. മിനി ടി ആർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.എമിൽ പി എ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ബോബി പോൾ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി അമ്പിളി അഗസ്റ്റിൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി ജെസി ജോസഫ് | ഹെഡ് മിസ്ട്രസ്, കാവന എൽ.പി.എസ് | 01-04-2022 | 31-03-2023 |
| ശ്രീമതി ദിവ്യ എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-07-2022 |
| ശ്രീമതി ആതിര ചന്ദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-07-2022 | 31-03-2023 |
| ശ്രീ മുഹമ്മദ് ഷഫീഖ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആവോലി) | 01-04-2022 | 22-02-2023 |
| ശ്രീ മഞ്ജുഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആവോലി) | 23-02-2023 | 31-03-2023 |
| ശ്രീമതി ഗീതു പി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആനിക്കാട്) | 01-04-2022 | 19-04-2022 |
| ശ്രീ മഞ്ജുഷ് ജോസഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആനിക്കാട്) | 20-04-2022 | 31-03-2023 |
| ശ്രീമതി ശ്രീല ഗോവിന്ദൻ | കൃഷി ഓഫീസർ | 01-04-2022 | 22-08-2022 |
| ശ്രീ സന്തോഷ് സി ഡി | കൃഷി ഓഫീസർ | 23-08-2022 | 26-08-2022 |
| ശ്രീ ഷാജി ഇ കെ | കൃഷി ഓഫീസർ | 27-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | വെള്ളക്കരക്കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | Excess Of Income Over Expenditure തുക കൃത്യമല്ല | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷ**ൻ** | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | തനത് വരുമാനം - അവലോകനം | 1-11 |
| 17 | ഗ്രാമസഭ | 1-12 |
| 18 | ദുരിതാശ്വാസ നിധി-കാര്യക്ഷമമല്ല | 1-13 |
| 19 | ദുരന്ത നിവാരണ കമ്മിറ്റി | 1-14 |
| 20 | തൊഴി**ൽ** നികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |
| 21 | പ്രൈവറ്റ് കോളേജിന്റെ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് | 1-16 |
| 22 | ലൈസ**ൻ**സ് അപാകങ്ങ**ൾ** | 1-17 |
| 23 | തണ്ടുപുറം കോളനിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ-സിവിൽ വർക്കുകൾ-അപാകതകൾ | 1-18 |
| 24 | എം.സി.എഫ് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല. | 1-19 |
| 25 | നെൽകൃഷി വികസനം- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല | 1-20 |
| 26 | ഭവനപുനരുദ്ധാരണം(എസ്.സി)-രേഖകൾ പൂർണമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 27 | രേഖകൾ പൂർണമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു-ഭവന | 1-21-1 |

| | | |
|---|---|---|
| | പുനരുദ്ധാരണം(ജനറൽ) | |
| 28 | മോട്ടോർ പമ്പ് സെറ്റ്-ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരമില്ല | 1-22 |
| 29 | വി.ഇ.ഒ(ആവോലി) നടപ്പാക്കിയ പദ്ധതികൾ-ചെലവ് രേഖകൾ അപൂർണം-തുക തടസ്സപ്പെടുത്തുന്നു | 1-23 |
| 30 | ഹരിതകർമസേനക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ | 1-23-1 |
| 31 | മാലിന്യമുക്ത ആവോലി പഞ്ചായത്ത് | 1-23-2 |
| 32 | വയബിലിറ്റി ഗ്യാപ് ഫണ്ട് | 1-23-3 |
| 33 | ഫയൽ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-24 |
| 34 | ഫർണ്ണിച്ചർ വാങ്ങൽ (ഐ.സി.ഡി.എസ്)-ഇൻവോയിസിലെ അപാകത പരിഹരിക്കേണ്ടതാണ് | 1-25 |
| 35 | ഫർണിച്ചർ വാങ്ങൽ (കൃഷി ഓഫീസർ)-ഇൻവോയിസിലെ അപാകത പരിഹരിക്കേണ്ടതാണ് | 1-25-1 |
| 36 | തൊഴിലുറപ്പ്-മെറ്റീരിയൽ സപ്ലൈ- ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 38407/-രൂപ നികുതിയിനത്തിൽ ഈടാക്കി | 1-26 |
| 37 | ടേക്ക് എ ബ്രേക്ക്-നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. | 1-27 |
| 38 | കോൺഫറൻസ് ഹാൾ നവീകരണം - അപാകതകൾ | 1-28 |
| 39 | അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ -അപാകതകൾ | 1-29 |
| 40 | റോഡ് ആസ്തി മാപ്പിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 1-30 |
| 41 | തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-31 |
| 42 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-32 |
| 43 | കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല | 1-33 |
| 44 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-34 |
| 45 | ക്രമീകരിക്കപ്പെടാത്ത നിക്ഷേപ പ്രവൃത്തികൾ | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികളുടെ വിവരം | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.07.2023 ലെ 1 -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആവോലി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി:15.12. 2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല

വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹3847654.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹73708602.00 ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വെള്ളക്കരക്കുടിശ്ശിക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

2023 മാർച്ച് മാസത്തെ വെള്ളക്കരം ഉൾപ്പെടെ ₹2252873 ആണ് പഞ്ചായത്തിന്റെ വെള്ളക്കരമിനത്തിൽ കുടിശ്ശികയുള്ളത്. എന്നാൽ 2022-23 വാർഷിക കണക്കുകളിൽ ഈ തുക ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-4 Excess Of Income Over Expenditure തുക കൃത്യമല്ല

Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിന്റെ നീക്കിയിരുപ്പ്, മുന്നിരുപ്പ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Gross Surplus/Deficit എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-5 ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ നീക്കിയിരുപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരുപ്പും RP40(b) പ്രകാരമുള്ള ബാങ്ക് നീക്കിയിരുപ്പും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ആവോലി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള ബജറ്റ് 25.03.2022 ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്. റിവൈസ് ചെയ്ത ബജറ്റ് പഞ്ചായത്ത് കമ്മിറ്റിയുടെ 14.03.2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരുപ്പ് | ₹ 1,27,27,362.00 |
| വരവ് | ₹ 16,07,09,797.00 |
| ആകെ | ₹ 17,34,37,159.00 |
| ചെലവ് | ₹16,79,35,386.00 |
| നീക്കിയിരുപ്പ് | ₹ 55,01,773.00 |

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള അക്കൗണ്ടിങ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹1,89,80460.00 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹3,83,12,560.00 |
| ആകെ | : | ₹5,72,93,020.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹3,44,64,906.00 |
| നീക്കിയിരുപ്പ് | : | ₹2,28,28,114.00 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ്

അക്കൌണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്ന് വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | നീക്കിയിരുപ്പ് തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | ₹1,31,47,000 | ₹1,31,47,000 | ₹1,22,71,974 | ₹8,75,026 | - |
| വികസന ഫണ്ട് (എസ്.സി.പി) | - | ₹26,29,000 | ₹26,29,000 | ₹24,09,753 | ₹2,19,247 | - |
| വികസന ഫണ്ട് (ടി.എസ്.പി) | - | ₹1,14,000 | ₹1,14,000 | ₹1,01,334 | ₹12,666 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | - | ₹1,68,63,000 | ₹1,68,63,000 | ₹1,56,92,660 | ₹11,70,340 | - |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | - | ₹53,82,000 | ₹53,82,000 | ₹44,43,144 | ₹9,38,856 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Bank | ₹4,72,318 | ₹22,51,239 | ₹27,23,557 | ₹15,93,704 | - | ₹11,29,853 |
| ധനകാര്യകമ്മീഷൻ അവാർഡ്(Basic Grant) Tresury | - | ₹2,67,820 | ₹2,67,820 | ₹2,41,416 | ₹26,404 | - |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Bank | ₹24,57,950 | ₹31,62,000 | ₹56,19,950 | ₹34,87,009 | - | ₹21,32,941 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) Treasury | - | ₹24,78,026 | ₹24,78,026 | ₹19,58,631 | ₹5,19,395 | |
| ഐ.സി.ഡി.എസ്. 320100196 | - | ₹8,62,024 | ₹8,62,024 | ₹2,11,003 | - | ₹6,51,021 |
| അങ്കനവാടി നെയിം ബോർഡ് 320200399 | ₹31,000 | 0 | ₹31,000 | ₹19,138 | - | ₹11,862 |
| സ്വച്ഛതാ ഭാരത് അഭിയാൻ 320100174 | 0 | ₹13,40,576 | ₹13,40,576 | ₹13,40,576 | - | 0 |
| ശുചിത്വമിഷൻ 320100198 | ₹6,62,881 | 0 | ₹6,62,881 | ₹3,86,500 | - | ₹2,76,381 |
| Health Grant - Support For Diagnostic Infrastructure 320100202 | 0 | ₹1,82,788 | ₹1,82,788 | ₹1,59,108 | - | ₹23,680 |
| Health Grant - Building Less Subcentres, PHCs, CHCs 320100201 | 0 | ₹55,949 | ₹55,949 | ₹55,000 | - | ₹949 |
| ലൈഫ് സ്റ്റേറ്റ് ഷെയർ 320800199 | ₹90,000 | 0 | ₹90,000 | 0 | - | ₹90,000 |
| ടോട്ടൽ സാനിട്ടേഷൻ - പിബിഐജി 320300103 | ₹4,96,824 | 0 | ₹4,96,824 | ₹4,34,197 | - | ₹62,627 |
| സാക്ഷരത 320100197 | ₹10,088 | ₹295 | ₹10,383 | 0 | - | ₹10,383 |
| വിമുക്തി 320100190 | ₹16,000 | 0 | ₹16,000 | 0 | - | ₹16,000 |

കുറിപ്പ്:

.വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹32,79,266 ഉൾപ്പെടുന്നുണ്ട്.

.വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറവ് ചെയ്ത് ജി.ഒ. പ്രോജക്ട് പ്രകാരം ക്രമീകരിച്ച ₹4,49,259 ഉൾപ്പെടുന്നുണ്ട്.

.ധനകാര്യകമ്മീഷൻ അവാർഡിന്റെ (Basic Grant - Bank) വരവിൽ ബാങ്ക് പലിശ ₹1,43,239 ഉൾപ്പെടുന്നുണ്ട്.

1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 194 | ₹9,11,19,023 | ₹5,68,89,183 | 129 | 47 | 18 | 66.49% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | ₹116 | ₹9,66,545 | ₹9,66,661 | ₹9,65,570 | ₹1,091 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | - | ₹1,47,27,232 | ₹1,47,27,232 | ₹1,47,27,232 | - |
| ആകെ | ₹116 | ₹1,56,93,777 | ₹1,56,93,893 | ₹1,56,92,802 | ₹1,091 |

1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോ |
|---|---|---|

| | തുക | ക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | ₹16,49,200.00 | 163 |
| വിധവാപെൻഷൻ | ₹62,09,000.00 | 621 |
| വാർദ്ധക്യകാല പെൻഷൻ | ₹1,66,91,000.00 | 1658 |
| വികലാംഗപെൻഷൻ | ₹ 22,07,400.00 | 214 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | ₹ 2,60,200.00 | 26 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ₹ 3,60,000.00 | 12 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2090.00 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

1) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ ശ്രദ്ധിക്കുന്നില്ല, അനിയന്ത്രിതമായി കാലതാമസം നേരിടുന്നു.

2) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ നടത്തിപ്പ് പ്രോജക്റ്റിൽ വിഭാവനം ചെയ്തതുപോലെ നിർവ്വഹിക്കേണ്ടതാണ്.

3)ആസ്തി രജിസ്റ്ററിന്റെ പരിപാലനം പൂർണ്ണമായും തൃപ്തികരമല്ല. പഞ്ചായത്തിന്റെ കണക്കുകൾ സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പുള്ള ആസ്തി വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടില്ല.

4) നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നുണ്ടെങ്കിലും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി നിരീക്ഷിക്കുകയോ കൈമാറിയ തുക ക്രമീകരിക്കുകയോ

ചെയ്യുന്നില്ല. നിർവ്വഹണ ഏജൻസികൾ മുഖേന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും ഫലപ്രദമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

5) പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ലഭിച്ചത് വിനിയോഗിക്കുകയോ, തിരിച്ചടയ്ക്കുകയോ ചെയ്യാതെ അവശേഷിക്കുന്നതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല.

6) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് അംഗങ്ങൾ എന്നിവർ ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിംഗ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2021 | 2/20 മുതൽ 12/20 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.12.2017 – 29.12.2017 | 2012-13 മുതൽ 2016-17 വരെ | 1.03.2018 |

## 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മൂവാറ്റുപുഴ ബ്ലോക്കിൽ ആകെ 14 വാർഡുകളിലായി വ്യാപിച്ചാണ് ആവോലി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി - നികുതിയേതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 $M^2$ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ളവയിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.
- 2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്.
- തൊഴിൽ നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിലൂടെ നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
- പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നത് വഴി ലൈസൻസ് മുഖേനയുള്ള പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

- 29.11.2022 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര യോഗത്തിലെ നമ്പർ. 1(1) തീരുമാന പ്രകാരം, പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആനിക്കാട് ചിറയിൽ ടൂറിസം വികസനത്തിനായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSINC) സമർപ്പിച്ച ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിൽ മേൽ പദ്ധതി കാര്യക്ഷമമായി വിഭാവനം ചെയ്ത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.
- ഓഫീസ് കെട്ടിടങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, വാടക കെട്ടിടങ്ങൾ എന്നിവ ഉൾപ്പെടുന്ന കെട്ടിട ആസ്തികൾ സ്ഥാപനത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടങ്ങളിൽ വാടക കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

## 1-12 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

## 1-13 ദുരിതാശ്വാസ നിധി-കാര്യക്ഷമമല്ല

2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി പഞ്ചായത്ത് ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്.
ആവോലി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ആവോലി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ ദുരിതാശ്വാസ നിധിയ്ക്കായി അക്കൗണ്ട് ഉണ്ടെങ്കിലും (അക്കൗണ്ട്.നം-2158) നിലവിൽ പ്രവർത്തനരഹിതമാണ്. പാസ്ബുക്ക് പ്രകാരം തൻവർഷം മുന്നിരിപ്പായി 2485/-രൂപയും നീക്കിയിരിപ്പായി 4045/-രൂപയും വരവിനത്തിൽ 1585/-രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും ചെലവായി 250/-രൂപയുമാണ് കാണിച്ചിരിക്കുന്നത്. ഈ നിധിയുടെ വിനിയോഗം സംബന്ധിച്ച് ഏകോപനം നടത്തുന്നതിനായുള്ള സബ്കമ്മറ്റി പ്രസ്തുത കാലയളവിൽ രൂപീകരിച്ചിട്ടുണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യങ്ങൾ അനുവദിക്കാത്തത് മാതൃകാപരമായ നടപടിയല്ല.

ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കുകയും നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 ദുരന്ത നിവാരണ കമ്മിറ്റി

കേരള സർക്കാരിന്റെ 20.2.2018ലെ ഉത്തരവ് നം.ഡി.എ.1/523/2017 തസ്വഭവ.(ഡി.എ) വകുപ്പ്,തിരുവനന്തപുരം നിർദ്ദേശാനുസരണം ആവോലി ഗ്രാമപഞ്ചായത്തിൽ ദുരന്ത നിവാരണ കമ്മിറ്റി (Disaster Management Committee) രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ട് സമഗ്ര വിവരങ്ങളടങ്ങുന്ന ദുരന്തനിവാരണ പദ്ധതി ആസൂത്രണരേഖ എന്ന പേരിൽ ഒരു ബുക്ക് ലെറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

1) പൊതു വിവരങ്ങൾ
2) കാലാവസ്ഥ വ്യതിയാനം – ദുരന്ത സാദ്ധ്യത വിശകലനം
3) ദുരന്ത പ്രതികരണ ആസൂത്രണ രേഖ
4) മുന്നൊരുക്കം, പ്രതികരണം, സാമൂഹ്യ ശാക്തീകരണം
5) ശേഷികളും വിഭവങ്ങളും
6) ദുരന്ത ലഘൂകരണ പദ്ധതിയിലേക്കുള്ള പ്രോജക്റ്റ് നിർദ്ദേശങ്ങൾ
7) പ്രധാന ഫോൺ നമ്പറുകൾ

കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സജീവമായ വിലയിരുത്തലുകളും, ഇടപെടലുകളും നടത്തുന്നത്

അഭികാമ്യമാണ്.

1-15 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് ആക്ട് ,വകുപ്പ് 204പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിക്ക് വിധേയനാകും. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ 2022-2023 തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി (രണ്ട് അർദ്ധ വർഷങ്ങളിലേയും) ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|---|
| 1 | 2/22-23 | എം.എം ഫുഡ്സ് | 4 |
| 2 | 8/22-23 | ചാലക്കര ടിമ്പേഴ്സ് | 4 |
| 3 | 9/22-23 | എച്ച് & എ സോമിൽ | 4 |
| 4 | 10/22-23 | ജെറാഡ് മാച്ച് ഫാക്ടറി | 6 |
| 5 | 34/22-23 | വി പി എസ് ആർ വുഡ്സ് | 5 |
| 6 | 56/22-23 | ഫ്രണ്ട്സ് സോമിൽ | 4 |
| 7 | 57/22-23 | മരിയ ആയുർവേദ മർമ്മ ട്രീറ്റ്മെന്റ് സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 8 | 59/22-23 | സൂര്യ ഇൻഡസ്ട്രീസ് | 10 |
| 9 | 72/22-23 | മെട്രോ ഇൻഡസ്ട്രീസ് | 5 |
| 10 | 76/22-23 | വി.ആർ ഏസ്റ്റെറ്റിക് ലേസർ സ്കിൻ& ഹെയർ ക്ലിനിക് | 6 |
| | 170/22-23 | സുപ്രീം സിമന്റ് പ്രൊഡക്ട്സ് | 10 |

2) പഞ്ചായത്തിലെ റേഷൻ ഡിപ്പോകളുടെ നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി ഇടാക്കിയിട്ടില്ല അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.06/26.10.23) മറുപടി ലഭിച്ചില്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി അവർക്ക് ബാധകമാകുന്ന നിരക്കിൽ ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 പ്രൈവറ്റ് കോളേജിന്റെ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് ജോർജ്ജ് കോളേജ് (കെട്ടിട നം.- 6/442A) എന്ന സ്ഥാപനത്തിന് 2022 ഒന്നാം അർദ്ധ വർഷം മുതൽ നിയമ വിരുദ്ധമായി വസ്തു നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. സഞ്ചയ പ്രകാരം ആകെ 3 നിലകളുള്ള കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 1911.6 ച.മീറ്ററും, നിലവിൽ ഈടാക്കിയിരുന്ന വാർഷിക വസ്തു നികുതി 16,861/- രൂപയുമാണ്.

നികുതി ഒഴിവാക്കിയത് സംബന്ധിച്ച 10/2/2022 തീയതിയിലെ C5/402 നമ്പർ ഫയൽ പരിശോധിച്ചതിൽ, സെന്റ് ജോർജ്ജ് ടി.ടി.ഐ എന്ന എയിഡഡ് സ്ഥാപനം 01.01.2022 മുതൽ സെന്റ് ജോർജ്ജ് കോളേജിന്റെ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചതിനാലാണ് നികുതി ഒഴിവാക്കിയതെന്ന് കാണുവാൻ സാധിച്ചു. സഞ്ചയ പ്രകാരം സെന്റ് ജോർജ്ജ് ടി.ടി.ഐ എന്ന സ്ഥാപനം പ്രവർത്തിക്കുന്നത് 6/442 നമ്പർ കെട്ടിടത്തിലാണ്. 150 ച.മീറ്റർ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തെ നികുതി, ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടമായാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.
താരതമ്യേന കുറഞ്ഞ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന എയിഡഡ് സ്ഥാപനമാണ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതെന്നും, കെട്ടിടത്തിന്റെ ബാക്കിയുള്ള ഭാഗത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനമായ സെന്റ് ജോർജ്ജ് കോളേജാണ് പ്രവർത്തിക്കുന്നതെന്നും മേൽ സൂചിപ്പിച്ച കാര്യങ്ങളിൽ നിന്ന് വ്യക്തമാണ്. കെട്ടിടത്തിന്റെ നികുതി പൂർണ്ണമായും ഒഴിവാക്കിയത് ചട്ട പ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26 തീയതി 30.10.23) മറുപടി ലഭിച്ചില്ല. വസ്തു നികുതി ബാധകമായ നിരക്കിൽ പുനഃസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലൈസൻസ് അപാകങ്ങൾ

1) ഫാക്ടറികൾക്കും, സംരഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നം.149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ നടത്തുന്നതിന് ലൈസൻസ്

ആവശ്യമാണ്. എന്നാൽ 2022-23 ലൈസൻസ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ റേഷൻ ഷോപ്പുകൾ ലൈസൻസ് എടുത്തിട്ടില്ല.

2) ഫാക്ടറികൾക്കും, സംരഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകൾ നടത്തുന്നതിന് ലൈസൻസ് ആവശ്യമാണ്. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന റ്റോഡി ഷാപ്പുകൾ 2022-23 വർഷം ലൈസൻസ് എടുത്തിട്ടില്ല. ഷാപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷാപ്പിന്റെ പേര് |
|---|---|
| 1 | T.S. No. 65 മാവിൻചുവട് |
| 2 | T.S. No. 15 കോട്ടപ്പുറം |
| 3 | T.S. No. 14 മില്ലുംപടി |
| 4 | T.S. No. 54 ആനിക്കാട് |
| 5 | T.S. No. 16 ആവോലി |
| 6 | T.S. No. 17 കണ്ണംപുഴ |
| 7 | T.S. No. 60 നടുക്കര |

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22 തീയതി 30.10.23) മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് കൂടാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-18 തണ്ടുപുറം കോളനിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ-സിവിൽ വർക്കുകൾ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 50/23 തണ്ടുപുറം കോളനിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ-സിവിൽ വർക്കുകൾ |
| അടങ്കൽ | 15,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 14,635/- |
| ബിൽ.നം-തീയതി | വൗച്ചർ നം.XVFC/22-23 /P/15തീ.27-5-22 |
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ. |

ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ തണ്ടുപുറം കോളനിയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി കാവന കുടിവെള്ള പദ്ധതിയിൽ നിന്നുള്ള വെള്ളം 5000 ലിറ്റർ വീതം രണ്ട് ടാങ്കുകളിൽ ശേഖരിച്ച് കോളനി നിവാസികൾക്ക് ലഭ്യമാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. പ്രാദേശിക പരിശോധനയിൽ രണ്ട് വാട്ടർ ടാങ്കുകൾ പ്രസ്തുത സ്ഥലത്ത് ഉണ്ട്. എന്നാൽ ഒരു വാട്ടർ ടാങ്ക് മാത്രം സ്ഥാപിച്ചിട്ടുള്ളതായും കണ്ടു. എന്നാൽ പ്രസ്തുത ടാങ്കിൽ നിന്നും നാളിതുവരെ പൈപ്പ് കണക്ഷൻ നല്കി ഗുണഭോക്താക്കൾക്ക് വെള്ളം ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് ടീമും അസി.എഞ്ചിനീയറും ചേർന്ന് നടത്തിയ (26-10-23 ൽ) പ്രാദേശിക പരിശോധനയിൽ വ്യക്തമായി . കുടിവെള്ള ക്ഷാമം വളരെ രൂക്ഷമായ പ്രദേശമാണിതെന്ന് പ്രദേശവാസികൾ അറിയിച്ചു. പ്രസ്തുത വിഷയത്തിൽ വിശദീകരണം നല്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/27-10-23) ലഭ്യമാക്കിയ മറുപടിയിൽ ടി പ്രോജക്ട് 21-22 വർഷത്തെ സെക്രട്ടറിയുടെ പ്രോജക്ടാണെന്നും രണ്ട് വാട്ടർ ടാങ്കും 2021-22 വർഷത്തെ പ്രോജക്ട് പ്രകാരം വാങ്ങിയതാണെന്നും ടാങ്ക് സ്ഥാപിക്കുക എന്ന സിവിൽ വർക്ക് മാത്രമാണ് അസി.എഞ്ചിനീയറുടെ ഈ വർഷത്തെ പ്രോജക്ടെന്നും വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് കമ്മിറ്റിയെ അറിയിക്കുമെന്നും വ്യക്തമാക്കി. രണ്ടാമത്തെ വാട്ടർ ടാങ്ക് കൂടി സ്ഥാപിച്ച് ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും നാളിതുവരെ പ്രോജക്ട് പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-19 എം.സി.എഫ് -പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

എം.സി.എഫ് നിർമ്മാണം നടത്തുന്നതിനായി വികസന ഫണ്ടിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും (പ്രോജക്ട് നം-S0013/23, തുക-₹602000/-) പ്രവൃത്തി നടത്തിയിട്ടില്ല. നിലവിൽ എം.സി.എഫ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നുള്ളതിന്റെ വിശദീകരണം ഓഡിറ്റിൽ

ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/27-10-23) മറുപടി ലഭ്യമാക്കിയതിൽ 2023-24 വർഷം പ്രോജക്റ്റ് വെച്ചിട്ടുണ്ടെന്നും നിലവിൽ ഹരിതകർമ്മസേനയുടെ പ്ലാസ്റ്റിക്കുകൾ ഇവിടെ സൂക്ഷിച്ചിരിക്കുകയാണെന്നും അവ ഇവിടെ നിന്നും മാറ്റുന്നതിനുള്ള സജ്ജീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും അത് പൂർത്തിയായാൽ ഉടനെ പ്രവൃത്തികൾ ആരംഭിക്കുമെന്നും അറിയിച്ചു. എം.സി.എഫ് പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-20 നെൽകൃഷി വികസനം- സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം,<br>പേര് | 156/23<br>സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ | 5,34,848 /-<br>{3,00,000/-(വികസന ഫണ്ട്)<br>56,000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1,78,848/-(ജില്ലാപഞ്ചായത്ത് വിഹിതം)} |
| ചെലവ് | 5,34,848 /-<br>{3,00,000/-(വികസന ഫണ്ട്)<br>56,000/- ( ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1,78,848/-(ജില്ലാപഞ്ചായത്ത് വിഹിതം)} |
| ബിൽ.നം-തീയതി,തുക | വികസന ഫണ്ട്<br>1)85/22.10.22, 65,513/-<br>2)129/17.12.22, 34,400/-<br>3)62/12.01.23, 2,00,087/-<br>ജില്ലാപഞ്ചായത്ത് വിഹിതം<br>1)BRN2212025209710l332905/13.03.23, 98,848/-<br>2)BRN2212035209710l079149/23.01.23, 80,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1)BRN-2212025209710l065129/19.01.23, 56,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

നെൽകൃഷി വികസനത്തിനായി നടപ്പാക്കിയ മേൽ പ്രോജക്റ്റ് മുഖേന നെൽകൃഷിക്ക് കൂലിച്ചെലവ് നൽകൽ, നെൽവിത്ത് വിതരണം എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. കൂലിച്ചെലവ് നൽകുന്നതുമായി ബന്ധപ്പെട്ട ട്രഷറി ബില്ലുകളുടെ സാംഖ്യ സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പദ്ധതി ആനുകൂല്യം ലഭ്യമായിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്,<br>അക്കൌണ്ട്.നം | ബിൽ നമ്പർ | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|---|
| 1 | ജെയിൻ മാത്യു<br>033505300005534(SBI) | 1)62/12.01.23-3258/-<br>2)BRN1065129/19.01.23-914/-<br>3)BRN1079149/23.01.23-1310/-<br>2)BRN133295/13.03.23-1663/- | 7145/- | Return To Government Account |
| 2 | റോയി,പി.എം<br>071410159419(CNR) | 1)62/12.01.23-1933/-<br>2)BRN1065129/19.01.23-542/-<br>3)BRN1079149/23.01.23-893/-<br>2)BRN133295/13.03.23-987/- | 4355/- | |

| | | | | |
|---|---|---|---|---|
| | | ആകെ | 11500/- | |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിലേയ്ക്ക് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/25.10.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ രണ്ട് ഗുണഭോക്താക്കൾക്കും അക്കൗണ്ടിലേയ്ക്ക് തുക നൽകിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ 11,500/-രൂപ തടസ്സപ്പെടുത്തുന്നു.

1-21 ഭവനപുനരുദ്ധാരണം(എസ്.സി)-രേഖകൾ പൂർണമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ ആവോലി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയില്ല (എൻക്വയറി.നം-4/27.10.23) പൂർണരേഖകളുടെ അഭാവത്തിൽ ചെലവ് തുകയുടെ കൃത്യതയും ഗുണഭോക്താക്കളുടെ അർഹതയും ഉറപ്പ് വരുത്താനായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 83/23<br>വീട്പുനരുദ്ധാരണം (എസ്.സി) |
| അടങ്കൽ | ആകെ-8,00,000/-<br>7,90,670/- എസ്.സി.പി<br>9330/- തനത് ഫണ്ട് |
| ചെലവ് വിവരം | 7,75,000 /-എസ്.സി.പി |
| ബിൽ നം/തീയതി | 1)95/01.11.22, 1,00,000/-<br>2)122/14.12.22, 50,000/-<br>3)130/18.12.22, 2,50,000/-<br>4)155/11.01.23, 1,25,000/-<br>5)156/11.01.23, 1,00,000/-<br>6)164/16.01.23, 1,00,000/-<br>7)319/27.03.23, 50,000/- |

മേൽ പ്രോജക്ട് പ്രകാരം 16 എസ്.സി ഗുണഭോക്താക്കൾക്ക് 50,000/-രൂപ നിരക്കിൽ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുവാനാണ് ലക്ഷ്യമിട്ടത്. നാല് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചു. എന്നാൽ താഴെപ്പറയുന്ന 12 ഗുണഭോക്താക്കൾ അവരുടെ അപേക്ഷയോടൊപ്പം ആനുകൂല്യത്തിനുള്ള അർഹത തെളിയിക്കുന്ന രേഖകളും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല.

| | ഗുണഭോക്താവിന്റെ പേര്,<br>വാർഡ്, കെട്ടിട നമ്പർ,<br>കൈപ്പറ്റിയ തുക | അപാകത |
|---|---|---|
| 1 | രാജമ്മ.ടി.പി 12/347<br>(25000/-) | വാല്വേഷൻ<br>സർട്ടിഫിക്കറ്റ് ഇല്ല |

| | | |
|---|---|---|
| | | |
| 2 | രാജമ്മ ശശി , വിച്ചാട്ടേൽ 6/407 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രമില്ല. ബി)ജാതി സർട്ടിഫിക്കറ്റില്ല |
| 3 | കാർത്യായനി കുട്ടപ്പൻ, കാനാപ്പള്ളിൽ 3/273, (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രമില്ല. ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല സി)ജാതി സർട്ടിഫിക്കറ്റില്ല |
| 4 | ലീല ഗോപാലൻ, ചെറുപ്ലാക്കൽ 11/393 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 5 | പൊന്നപ്പൻ, തോയാലിക്കര 14/95 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6 | തങ്കമ്മ, കുട്ടപ്പൻ, 4/143 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല സി)ജാതി സർട്ടിഫിക്കറ്റില്ല |
| 7 | ബിന്ദു സന്തോഷ്, ആനിക്കാട് 4/30B (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 8 | തങ്കമ്മസഹദേവൻ,പാലുവള്ളിച്ചാലിൽ 10/509, (75000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല സി)ജാതി സർട്ടിഫിക്കറ്റില്ല |
| 9 | സുശീലകൃഷ്ണൻകുട്ടി,കുറ്റിയാനിക്കതണ്ടേൽ 2/464, (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 10 | ലീല കൃഷ്ണൻ, കോട്ടപ്പുറത്ത്, 1/98, (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല |

| | | |
|---|---|---|
| | | ബി)ജാതി സർട്ടിഫിക്കറ്റില്ല |
| 11 | രാജൻ.വി.എസ്,വെട്ടിക്കുളത്തിൽ 2/376 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 12 | അമ്മിണിമണി,എല്ലുവിച്ചികന്നേൽ 7/24 (25000/-) | എ)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല ബി)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| | ആകെ അനുവദിച്ച സബ്സിഡി =3,50,000/- | |

സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം-115/22/തസ്വഭവ, തീയതി-28.05.22, ഖണ്ഡിക-6.7.4 അനുസരിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം. മാത്രമല്ല പുതിയ വീട് നിർമിച്ച് കുറഞ്ഞത് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും പ്രോജക്ടിന്റെ വിശദാംശങ്ങളടങ്ങുന്ന ആനുകൂല്യ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും മേൽ 12 ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നത് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ചവരിൽ ക്രമ.നം-8, തങ്കമ്മ സഹദേവൻ എന്ന ഗുണഭോക്താവിന് 135, 155, 156 എന്നീ ബില്ലുകളിലായി (ക്രമ.നം-3,4,5) ആകെ 75,000/-രൂപ (@25,000x3) അനുവദിച്ചതായി കാണുന്നു. സബ്സിഡി മാർഗരേഖ ഖണ്ഡിക 6.7.4 പ്രകാരം വീട് പുനരുദ്ധാരണത്തിന് എസ്.സി വിഭാഗത്തിന് പരമാവധി 1,50,000/- രൂപ വരെ അനുവദിക്കാവുന്നതാണ്. എന്നിരുന്നാലും മേൽ പ്രോജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് വകയിരുത്തിയ ധനസഹായം 50,000/-രൂപയാണ്. മാത്രമല്ല 50,000/-രൂപയിൽ കൂടുതൽ ചെലവ് വന്നിട്ടുണ്ടെന്ന് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള മറ്റ് ഗുണഭോക്താക്കൾക്ക് ടി തുകയിൽ നിജപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ വാല്യേഷൻ സർട്ടിഫിക്കറ്റ് പോലും ഹാജരാക്കാത്ത മേൽ ഗുണഭോക്താവിന് അംഗീകൃത പ്രോജക്ട് പ്രകാരം വകയിരുത്തിയതിൽ കൂടുതൽ തുക അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

75,000/-രൂപ ആനുകൂല്യമിനത്തിൽ അനുവദിച്ച നടപടി അർഹത തെളിയിക്കുന്ന രേഖകൾ (ജാതി സർട്ടിഫിക്കറ്റ്, വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, വാല്യേഷൻ സർട്ടിഫിക്കറ്റ്) ഹാജരാക്കി അപാകതകൾക്ക് വിശദീകരണം നൽകുന്നത് വരെ 12 ഗുണഭോക്താക്കൾക്ക് അനുവദിച്ച 3,50,000/-രൂപ (11x25000+75000) തടസ്സപ്പെടുത്തുന്നു.

1-21-1 രേഖകൾ പൂർണമല്ല-ചെലവ് തടസ്സപ്പെടുത്തുന്നു-ഭവന പുനരുദ്ധാരണം(ജനറൽ)

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 84/23<br>വീട്പുനരുദ്ധാരണം(ജനറൽ) |
| അടങ്കൽ | ആകെ-7,00,000/-<br>4,05,000- വികസന ഫണ്ട്<br>2,95,000- തനത് ഫണ്ട് |
| ചെലവ് വിവരം | ആകെ-5,67,500/-<br>4,05,000- വികസന ഫണ്ട്<br>1,62,500- തനത് ഫണ്ട് |
| ബിൽ.നം,ചെക്ക്.നം/തീയതി<br>തുക | വികസന ഫണ്ട്<br>1)96/01.11.22/50,000/-<br>2)121/14.12.22/87,500/-<br>3)140/22.12.22/2,37,500/-<br>4)152/09.01.23/25,000/-<br>5)193/07.02.23/ 5000/- |
| | തനത് ഫണ്ട്<br>1)232240/10.02.23/112500/-<br>2)38706/28.03.23/25,000/-<br>3)38711/29.03.23/ 25,000/- |

28 ഗുണഭോക്താക്കൾക്ക് 25000/-രൂപ നിരക്കിൽ ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുവാനാണ് 7 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് രൂപീകരിച്ചത്. നാല് ഗുണഭോക്താക്കൾക്ക് 12500/- രൂപ നിരക്കിലും (ത്രേസ്യാമ്മ ജോസ്, ലില്ലി, കത്രീന, ഗീത) ഒരാൾക്ക് 17500/-രൂപ നിരക്കിലും (അൽഫോൺസ) ബാക്കി 20 പേർക്ക് 25000/-രൂപ നിരക്കിലുമായി ആകെ 567500/-രൂപയാണ് 25 ഗുണഭോക്താക്കളുടെ ധനസഹായമിനത്തിൽ നൽകി തൻവർഷം ചെലവഴിച്ചത്. 10 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 15 ഗുണഭോക്താക്കൾ അവരുടെ അപേക്ഷയോടൊപ്പം ആനുകൂല്യത്തിനുള്ള അർഹത തെളിയിക്കുന്ന രേഖകളും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകളും ഹാജരാക്കിയില്ല (എൻക്വയറി.നം-4/27.10.23)

| | ഗുണഭോക്താവിന്റെ പേര്,<br>വാർഡ്, കെട്ടിട നമ്പർ,<br>കൈപ്പറ്റിയ തുക | അപാകത |
|---|---|---|

| | | |
|---|---|---|
| | | |
| 1 | ത്രേസ്യാമ്മ ജോസ്, മക്കോളിൽ 10/197 (12500/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 2 | ഗീത ശിവൻ, കൊല്ലറക്കൽ, 8/341 (12500/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 3 | കത്രീന കുര്യാക്കോസ് (12500/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 4 | മല്ലിക ശശി, തെങ്ങടയിൽ , 12/297 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 5 | കൃഷ്ണൻ കുട്ടി, പുത്തൻപുരയ്ക്കൽ 4/30E (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6 | മുരളീധരൻ ഒ വി ഒലിപ്പിലക്കാട്ട്, 12/84 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 7 | എൻ.എം നിർമലൻ, മേക്കുന്നേൽ 13/320, (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 8 | ആൽഡ്രിൻ ജോസഫ്,14/477 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 9 | മേരിമൈക്കിൾ,അമ്മച്ചിപ്പറമ്പിൽ, 14/164, (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 10 | സൌമിനി ജയചന്ദ്രൻ, കണ്ണാടിപ്പാറ, 3/376, (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്യേഷൻ സർട്ടിഫിക്കറ്റ് ഇല്ല |

| | | |
|---|---|---|
| 11 | സണ്ണി ആന്റണി, തോപ്പിക്കുടി, 5/318B (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 12 | മണിയമ്മ കേളപുരക്കൽ, 1/393 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 13 | സരസ്വതിരാധാകൃഷ്ണൻ, വള്ളോംതടത്തിൽ, 8/406 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 14 | ലില്ലി ചെരപ്പറമ്പിൽ, 8/309 (12500/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 15 | ഫിലോമിന ജോർജ്,ചാലിൽ, 11/399 (25000/-) | 1)വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം ഇല്ല 2)വാല്വേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| | ആകെ അനുവദിച്ച സബ്സിഡി =3,25,000/- | |

സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം-115/22/തസ്വഭവ,തീയതി-28.05..22,ഖണ്ഡിക-6.7.4 അനുസരിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി ഓവർസിയർ സാക്ഷ്യപ്പെടുത്തണം. മാത്രമല്ല പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. രേഖകൾ ഹാജരാക്കാത്തതിനാൽ ഈ രണ്ട് നിബന്ധനകളും പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലും പ്രോജക്ടിന്റെ വിശദാംശങ്ങളടങ്ങുന്ന ആനുകൂല്യ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാലും മേൽ 15 ഗുണഭോക്താക്കൾ പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് ഉറപ്പാക്കുവാനും സാധിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ (വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രം, വാല്വേഷൻ സർട്ടിഫിക്കറ്റ്) ഹാജരാക്കി അപാകതകൾക്ക് വിശദീകരണം നൽകുന്നത് വരെ മേൽ ഗുണഭോക്താക്കൾക്ക് അനുവദിച്ച 3,25,000/-രൂപ (12500x4+25000x11) തടസ്സപ്പെടുത്തുന്നു.

1-22 മോട്ടോർ പമ്പ് സെറ്റ്-ഗുണഭോക്താക്കൾക്ക് ഗ്രാമസഭ അംഗീകാരമില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 77/23(SO) മോട്ടോർ പമ്പ് സെറ്റ് |
| അടങ്കൽ | ആകെ-2,81,742/-<br>65,456- വികസന ഫണ്ട്<br>2,16,286-മറ്റുള്ളവ |
| ചെലവ് | 24,066/- (വികസന ഫണ്ട് ) |
| ബിൽ.നം-തീയതി | BRN-2212025209710036703 8/29.07.22 |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

ബിന്ദു.പി.ജി മങ്ങാട്ട്കുഴമ്പിൽ (വാർഡ്-10) ബാബു പീറ്റർ, പുതുക്കുളത്തിൽ (വാർഡ്-2) അബ്ദുൾറഹ്മാൻ.ഇ.എം ,ചിരട്ടിക്കാട്ടിൽ (വാർഡ്- 2) കെ.കെ.അബ്രഹാം, കല്ലാർക്കുടി (വാർഡ്-2) എന്നീ നാല് ഗുണഭോക്താക്കൾക്കാണ് പമ്പ് സെറ്റ് വാങ്ങുന്നതിലേയ്ക്ക് തൻവർഷം സബ്സിഡി നൽകിയത്.

അനുവദിച്ച സബ്സിഡിയുടെ വിവരങ്ങൾ താഴെച്ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ സബ്സിഡി തുക |
|---|---|
| അബ്രഹാം.കെ.കെ | 6210.00 |
| അബ്ദുൾറഹ്മാൻ.ഇ.എം | 5550.00 |
| ബാബു പീറ്റർ | 7031.00 |
| ബിന്ദു.പി.ജി | 5275.00 |
| ആകെ സബ്സിഡി തുക | 24,066.00 |

ഓഡിറ്റിനായി ഹാജരാക്കിയ 11.08.2021 തീയതിയിലെ 1(2)ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിൽ കെ.കെ.അബ്രഹാം എന്ന ഗുണഭോക്താവ് മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ വാർഡ് 2-ലെ ഗ്രാമസഭ മിനിറ്റ്സ് പരിശോധിച്ചതിൽ അബ്രഹാം, അബ്ദുൾ റഹ്മാൻ എന്നിവരെ ഗ്രാമസഭ അംഗീകരിച്ചിട്ടുണ്ട് (യോഗതീയതി-08.01.22-page-46) (യോഗതീയതി-18.06.22,page-62) എന്നാൽ 2021-22, 2022-23 വർഷങ്ങളിലെ ഗുണഭോക്തൃതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് 08.01.22, 11.01.22, 18.06.22, 05.01.23 തീയതികളിൽ വാർഡ് 2-ൽ കൂടിയ ഗ്രാമസഭ യോഗങ്ങളിൽ ഒന്നും തന്നെ ബാബു പീറ്റർ എന്ന ഗുണഭോക്താവിനെ നിർദ്ദേശിച്ച് അംഗീകരിച്ചിട്ടില്ല. വാർഡ്-10 ലെ ഗുണഭോക്തൃഗ്രാമസഭ 05.09.22 തീയതിയിലാണ് കൂടിയിട്ടുള്ളത്. പ്രസ്തുത യോഗത്തിലും മുൻയോഗങ്ങളിലും പമ്പ് സെറ്റ് ആനുകൂല്യം ശുപാർശ ചെയ്യുന്ന വിഷയം പത്താം വാർഡിലെ ഗ്രാമസഭ പരിഗണിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ (സ.ഉ(കൈ)നം-84/22/തസ്വഭവ, തീയതി-19.04.22, പൊതുവ്യവസ്ഥകൾ, ഖണ്ഡിക-12.3 പ്രകാരം അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ അന്തിമമായി തയ്യാറാക്കി നൽകേണ്ടതും ആയത് മുൻഗണന ക്രമം മാറ്റാതെ ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്. ഗ്രാമസഭയും പഞ്ചായത്ത് കമ്മിറ്റിയും അംഗീകരിക്കാത്ത ബിന്ദു.പി.ജി, ബാബു പീറ്റർ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-13/27.10.23 ) മറുപടി നൽകിയില്ല. മേൽ രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി ബന്ധപ്പെട്ട ഗ്രാമസഭകളിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതും ശേഷം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതുമാണ്. ഗ്രാമസഭയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും അംഗീകാരം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ ടിയാളുകൾക്കായി ചെലവഴിച്ച 12,306/- രൂപ (5275+7031) തടസ്സപ്പെടുത്തുന്നു.

## 1-23 വി.ഇ.ഒ(ആവോലി) നടപ്പാക്കിയ പദ്ധതികൾ-ചെലവ് രേഖകൾ അപൂർണം-തുക തടസ്സപ്പെടുത്തുന്നു

എ)ടോയ്‌ലറ്റ് നിർമാണം

| | |
|---|---|
| പ്രോജക്ട് നം,<br>പേര് | 86/23<br>ടോയ്‌ലറ്റ് നിർമാണം (എസ്.സി) |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ആവോലി |
| അടങ്കൽ | ആകെ-7,54,500/-<br>5,88,000/-കേന്ദ്രാവിഷ്കൃതഫണ്ട്<br>1,66,500/- തനത് ഫണ്ട് |
| ചെലവ് വിവരം | 4,80,000/-<br>കേന്ദ്രാവിഷ്കൃത ഫണ്ട് (PFMS) |
| ബിൽ നം/തീയതി | 1)PFMS Payment Advice No-C012337702508,16.01.23 2,88,000/- |
| | 2)PFMS Payment Advice No-C012339561599,19.01.23 12,000/- |
| | 3)PFMS Payment Advice No-C022354722591,27.01.23 1,68,000 |
| | 4)PFMS Payment Advice No-C032300606225,28.01.23 12,000 |

ഒരു ഗുണഭോക്താവിന് പരമാവധി 12,000/-രൂപ ആനുകൂല്യം നൽകുവാനാണ് പ്രോജക്ടിൽ

വിവക്ഷിച്ചിരുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ആകെ 40 ഗുണഭോക്താക്കൾക്ക് മേൽ പ്രോജക്ട് മുഖേന ടോയ്‌ലറ്റ് നിർമാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് (40x12,000=4,80,000) സാംഖ്യ ബിൽ സ്റ്റേറ്റ്മെന്റ് (തീയതി-11.01.23, 31.01.23) പ്രകാരം ആനുകൂല്യം കൈമാറിയ 40 ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 1 | അബാസ് കെ.എ |
| 2 | കാർത്യായനി കരുണാകരൻ |
| 3 | സോഫി യോഹന്നാൻ |
| 4 | ജോസി ബേബി |
| 5 | ശിവൻ.കെ.കെ |
| 6 | സൈനബ മുഹമ്മദ് |
| 7 | വാസന്തി റോയി |
| 8 | കൃഷ്ണൻകുട്ടി |
| 9 | കനകമ്മ ശെൽവരാജൻ |
| 10 | മുഹമ്മദ്.എ.ബി |
| 11 | പാത്തുമ്മ |
| 12 | ലൈല കബീർ |
| 13 | കാർത്യായനി |
| 14 | ശോഭന പ്രകാശ് |
| 15 | ഖദീജ വി എസ് |
| 16 | രാജമ്മ ശശി |
| 17 | മീരാൻ പാറക്കൽ |
| 18 | ജമീല മൈതീൻ |
| 19 | റോസ്‌ലി |
| 20 | മേരി മൈക്കിൾ |
| 21 | ഷക്കീല |

| | |
|---|---|
| 22 | അമ്മിണി |
| 23 | ബിൻസി ടി എസ് |
| 24 | രമണി ഗോപാലൻ |
| 25 | അനിത എം എൻ |
| 26 | ഫിലോമിന സ്റ്റീഫൻ |
| 27 | സുനീർ |
| 28 | സുധ വിജയൻ |
| 29 | ചിന്നവർക്കി |
| 30 | ഓമന |
| 31 | രാജി കെ.സി |
| 32 | സബീന |
| 33 | ഷീന വേണു |
| 34 | രമണൻ |
| 35 | വിൻസെന്റ് |
| 36 | തങ്കമ്മ അപ്പുക്കുട്ടൻ |
| 37 | ബോബി മാത്യു |
| 38 | റംല |
| 39 | രാജി ബോസ് |
| 40 | ജിജ ജയേഷ് |

മേൽ സൂചിപ്പിച്ചിട്ടുള്ള 40 ഗുണഭോക്താക്കളിൽ 28 പേരുടെ അപേക്ഷകളും തിരിച്ചറിയൽ രേഖകളും മാത്രമാണ് (പട്ടിക, ക്രമ.നം 1 മുതൽ 28 വരെ) പരിശോധനക്ക് ഹാജരാക്കിയത്. ബാക്കി 14 ഗുണഭോക്താക്കളുടെ അപേക്ഷകളും പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല (എൻക്വയറി-14/27.10.23). മേൽ രേഖകളും ആനുകൂല്യം കൈമാറിയത് പി.എഫ്.എം.എസ് മുഖേനയായതിനാൽ 12 പേരുടേയും (പട്ടിക, ക്രമ.നം 29 മുതൽ 40 വരെയുള്ളവരുടെ) PFMS Generated Print Payment Advice സ്റ്റേറ്റ്മെന്റും ഹാജരാക്കുന്നത് വരെ ടിയാളുകൾക്കായി ചെലവഴിച്ച 1,44,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23-1 ഹരിതകർമസേനക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ

| | |
|---|---|
| പ്രോജക്ട് നം പേര് | 30/23 ഹരിതകർമസേനക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ആവോലി |
| അടങ്കൽ | 2,00,000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് വിവരം | 38,215/- |
| ചെക്ക്. നം/തീയതി | 1)15,900/- (38371/06.09.22) |
| | 2)2170/- (38512/29.10.22) |
| | 3) 11,900/- (38705/28.03.23) |
| | 4) 8245/- (38710/29.03.23) |

ആകെ പദ്ധതി ചെലവ് 38215/-രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമായത് 20,145/-രൂപയുടെ ചെലവ് രേഖകളാണ്. (11900+8245=20,145/-) ബാക്കി 18070/-രൂപയുടെ ബില്ലും ചെലവ് രേഖകളും ചെക്ക് നമ്പറും തീയതിയും ഉൾപ്പെടെ ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-15/27.10.23 ) മറുപടി നൽകിയില്ല. ചെലവ് രേഖ ഹാജരാക്കാത്തതിനാൽ 18070/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23-2 മാലിന്യമുക്ത ആവോലി പഞ്ചായത്ത്

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 31/23(SO)<br>മാലിന്യമുക്തആവോലിപഞ്ചായത്ത് |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ആവോലി |
| അടങ്കൽ | 3,19,541/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവ് വിവരം | 1,33,737 /- |
| ചെക്ക് നം/തീയതി | 1)8400/-<br>(38228/26.05.22)<br>2)43,197/-<br>(114042/14.06.22)<br>3)10,400/-<br>(38250/29.06.22)<br>4)40,000/-<br>(114048/08.07.22)<br>5)4500/-<br>(38369/06.09.22)<br>6)12,000/-<br>(38583/24.12.22)<br>7)3240/-<br>(38707/28.03.23)<br>8)12000/-<br>(38712/29.03.23) |

ആകെ പദ്ധതി ചെലവ് 1,33,737/-രൂപയാണ്. പരിശോധനയ്ക്ക് ലഭ്യമായത് 15,240/-രൂപയുടെ ചെലവ് രേഖകളാണ് (3240+12000=15,240/-) പട്ടികയിൽ ക്രമ നമ്പർ 1 മുതൽ 6 വരെയായി സൂചിപ്പിച്ചിട്ടുള്ള 1,18,497/-രൂപയുടെ ബില്ലും ചെലവ് രേഖകളും ഹാജരാക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-15/27.10.23) മറുപടി നൽകിയില്ല. ചെലവ് രേഖ ഹാജരാക്കാത്തതിനാൽ 1,18,497/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23-3 വയബിലിറ്റി ഗ്യാപ് ഫണ്ട്

| | |
|---|---|
| പ്രോജക്റ്റ് നം<br>പേര് | 81/23<br>വയബിലിറ്റി ഗ്യാപ് ഫണ്ട് |
| അടങ്കൽ | ₹3,00,000/-( തനത് ഫണ്ട്) |
| ചെലവ് വിവരം | ₹3,00,000/- |

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വി.ഇ.ഒ , ആവോലി |
| ചെക്ക്.നം/തീയതി | 1)₹2,00,000/-<br>(38368/06.09.22)<br>2)₹1,00,000/-<br>(38661/28.02.23) |

രണ്ട് ലക്ഷം രൂപയുടേയും ഒരു ലക്ഷം രൂപയുടേയും സാംഖ്യ ബില്ലുകൾ മാത്രമാണ് ഫയലിനൊപ്പമുള്ളത്. തുകയുടെ വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല (എൻക്വയറി-15/27.10.23) വിനിയോഗവിവരങ്ങൾ ഹാജരാക്കുന്നത് വരെ ₹3,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഫയൽ ഹാജരാക്കിയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം<br>പേര് | 32/23(SO)<br>ഹരിതകർമസേനക്ക് വാഹനം വാങ്ങൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ ആവോലി |
| അടങ്കൽ | ആകെ-5,00,000/-<br>3,50,000/-കേന്ദ്രാവിഷ്കൃത ഫണ്ട്<br>1,50,000/- തനത് ഫണ്ട് |
| ചെലവ് വിവരം | ആകെ-4,27,961 /-<br>2,99,573-കേന്ദ്രാവിഷ്കൃത ഫണ്ട്(PFMS)<br>1,28,388-തനത് ഫണ്ട് |
| ബിൽ നം/തീയതി | 1)PFMS Payment Advice No-C102258227506/01.11.22,<br>തുക-2,99,573<br>2)ചെക്ക്.നം-232222 തീയതി-01.11.22, തുക-1,28,388/- |

വി.ഇ.ഒ ആവോലി നടപ്പാക്കിയ ഹരിതകർമസേനക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ടിന്റെ ഫയലും അനുബന്ധരേഖകളും പരിശോധനയ്ക്ക് നൽകിയില്ല (ഓഡിറ്റ് റിക്വസിഷൻ നമ്പർ-1 തീയതി-26.10.23 , ഓഡിറ്റ് എൻക്വയറി-15/27.10.23) ചെലവ് വിവരങ്ങളുടെ അഭാവത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 4,27,961 /-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-25 ഫർണ്ണിച്ചർ വാങ്ങൽ (ഐ.സി.ഡി.എസ്)-ഇൻവോയിസിലെ അപാകത പരിഹരിക്കേണ്ടതാണ്

ഐ.സി.ഡി.എസ് ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന മൂന്ന് പ്രോജക്ടുകളിൽ പെടുത്തി അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർവുഡ്സിൽ നിന്നും ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. സ്ഥാപനം നൽകിയിട്ടുള്ള ടാക്സ് ഇൻവോയിസുകൾ പരിശോധിച്ചതിൽ ഫർണിച്ചറിന് ബാധകമായ HSN കോഡ് (94036000) രേഖപ്പെടുത്തി ട്രാൻസ്പോർട്ടേഷൻ ചാർജിനും 18% നിരക്കിൽ ജ്.എസ്.ടി ഈടാക്കിയിട്ടുണ്ട് എന്ന് കാണുന്നു.

| | | | |
|---|---|---|---|
| പ്രോജക്ട് നം,<br>പേര് | 232/23<br>ജാഗ്രത സമിതി ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | 235/23<br>ഐ.സി.ഡി.എസ് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ | 236/23<br>വിവിധ അങ്കണവാടികളിലേക്ക് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ |

| | | | |
|---|---|---|---|
| അടങ്കൽ | 45,000/- (മെയിന്റനൻസ് ഫണ്ട്നോൺറോഡ്) | 165683/- (മെയിന്റനൻസ് ഫണ്ട്നോൺറോഡ്) | 81000/- (മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവ് | 44965/- | 165672/- | 79438/- |
| ടാക്സ് ഇൻവോയിസ്.നം (മീനച്ചിൽ റബർവുഡ്സ്) | 174/27.03.23 | 176/27.03.23 | 175/27.03.23 |

ജി.എസ്.ടി ഈടാക്കിയതിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

1)232/23 ജാഗ്രത സമിതി ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ

| | | ജി.എസ്.ടി @ 18% | ആകെ |
|---|---|---|---|
| എ)ഫർണിച്ചറുകളുടെ വില | 34,800.00 | 6264.00 | 41064.00 |
| ബി)ട്രാൻസ്പോർട്ടേഷൻ ചാർജ് | 3306.00 | 595.08 | 3901.08 |
| | | | 44,965.00 (Rounded) |

2)235/23, ഐ.സി.ഡി.എസ് ഓഫീസിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ

| | | ജി.എസ്.ടി @ 18% | ആകെ |
|---|---|---|---|
| എ)ഫർണിച്ചറുകളുടെ വില | 61,200.00 | 11016.00 | 72216.00 |
| ബി)ട്രാൻസ്പോർട്ടേഷൻ ചാർജ് | 6120.00 | 1101.60 | 7221.60 |
| | | | 79,438.00 (Rounded) |

3)236/23, വിവിധ അങ്കണവാടികളിലേക്ക് ഓഫീസ് ഫർണിച്ചർ വാങ്ങൽ

| | | ജി.എസ്.ടി @ 18% | ആകെ |
|---|---|---|---|
| എ)ഫർണിച്ചറുകളുടെ വില | 134400.00 | 24192.00 | 158592.00 |
| ബി)ട്രാൻസ്പോർട്ടേഷൻ ചാർജ് | 6000.00 | 1080.00 | 7080.00 |
| | | | 165672.00 (Rounded) |

ഇൻവോയിസിലെ അപാകത സ്ഥാപനവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം- 16/28.10.23) മറുപടിയായി വിവരം മീനച്ചിൽ റബർവുഡ്സ് എന്ന വിതരണ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ടെന്നും ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ട്രാൻസ്പോർട്ടേഷൻ ചാർജിനുള്ള HSN കോഡ് ഉൾപ്പെടുത്തി പുതുക്കിയ ഇൻവോയിസ് ലഭ്യമാക്കേണ്ടതും പുതുക്കിയ ഇൻവോയിസിൽ ജി.എസ്.ടി നിരക്ക് വ്യത്യാസപ്പെടുന്നുവെങ്കിൽ ടി വ്യത്യാസത്തിനനുസരിച്ച് ബിൽ തുകയിൽ ആനുപാതികമായ ക്രമീകരണം (കൂടുതൽ/കുറവ്) വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ആയതും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-25-1 ഫർണിച്ചർ വാങ്ങൽ (കൃഷി ഓഫീസർ)-ഇൻവോയിസിലെ അപാകത പരിഹരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം, പേര് | 231/23 കൃഷി ഓഫീസിലേയ്ക്ക് ഫർണിച്ചർ |

| | |
|---|---|
| | വാങ്ങൽ |
| അടങ്കൽ | 1,00,000/-<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവ് | 1,00,000/- |
| ബിൽ.നം-തീയതി | BRN-2212025209710143403/22.03.23 |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഓഫീസിലേയ്ക്കാവശ്യമായ ഫർണിച്ചറുകൾ അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർ വുഡ്സിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് (നം-C/102, 20.03.23) പരിശോധിച്ചതിൽ വുഡൺ ഫർണിച്ചറുകൾക്ക് ബാധകമായ HSN കോഡ് തന്നെ (94036000) ട്രാൻസ്പോർട്ടേഷൻ ചാർജിനും രേഖപ്പെടുത്തി 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ.

| | | ജി.എസ്.ടി @ 18% | ആകെ |
|---|---|---|---|
| എ)ഫർണ്ണിച്ചറുകളുടെ വില | 78,999.34 | 14,219.88 | 93,219.22 |
| ബി)ട്രാൻസ്പോർട്ടേഷൻ ചാർജ് | 5746.00 | 1034.28 | 6780.28 |
| | | | 100,000 (Rounded) |

വിശദീകരണമാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-7/27.10.23) മറുപടി നൽകിയില്ല. ഇൻവോയിസിലെ അപാകത സ്ഥാപനത്തെ അറിയിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജിനുള്ള HSN കോഡ് ഉൾപ്പെടുത്തി പുതുക്കിയ ഇൻവോയിസ് ലഭ്യമാക്കേണ്ടതാണ്. പുതുക്കിയ ഇൻവോയിസിൽ ജി.എസ്.ടി നിരക്ക് വ്യത്യാസപ്പെടുന്നുവെങ്കിൽ ടി വ്യത്യാസത്തിനനുസരിച്ച് ബിൽ തുകയിൽ ആനുപാതികമായ ക്രമീകരണം (കൂടുതൽ/കുറവ്) വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ആയതും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 തൊഴിലുറപ്പ്-മെറ്റീരിയൽ സപ്ലൈ- ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 38407/-രൂപ നികുതിയിനത്തിൽ ഈടാക്കി

2022-23 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് ടെണ്ടർ ക്ഷണിച്ച് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന് തുക അനുവദിച്ചപ്പോൾ 2.5 ലക്ഷം രൂപക്ക് മുകളിലുള്ള പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട GST/TDS ഈടാക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നമ്പർ-3/25.10.23 ) മുഴുവൻ തുകയും കരാറുകാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രവൃത്തി/<br>വർക്ക് കോഡ്നം. | കരാറുകാരൻ | മെറ്റീരിയലിന്റെ ആകെ വില | ഈടാക്കേണ്ട GST (2%) | ഈടാക്കേണ്ട TDS (1%) | ഈടാക്കിയ തുക, രസീത് നമ്പർ,തീയതി |
|---|---|---|---|---|---|
| തെക്കുംപുറംറോഡ് കോൺക്രീറ്റിംഗ്, RC/362056 | പ്രവീൺവർഗീസ്, മുടക്കാലിൽ | 356813 | 7136 | 3568 | 10,704/- 1230101879/02.11.23 |
| വാഴാട്ട് വളവ് മുള്ളത്തുകണ്ടംറോഡ് കോൺക്രീറ്റിംഗ് RC/362056 | രവി.ഒ.സി ഒഴികപറമ്പിൽ | 290697 | 5814 | 2907 | 8721/- 1230101880/02.11.23 |

| | | | | | |
|---|---|---|---|---|---|
| മരങ്ങാട്ട്താഴംറോഡ് കോൺക്രീറ്റിംഗ് RC/359817 | ഷാജു ജോസഫ്, കൊച്ചുമുട്ടം | 316328 | 6326 | 3163 | 9489/-1230101881/02.11.23 |
| ഓലിക്കുടിറോഡ് കോൺക്രീറ്റിംഗ് RC/361804 | ജിത്തു.വി.എസ് വെള്ളപ്പിള്ളിൽ | 316426 | 6329 | 3164 | 9493/-1230101882/02.11.23 |
| ആകെ | | | 25605 | 12802 | 38407 |

മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-27 ടേക്ക് എ ബ്രേക്ക്-നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം, പേര് | 1)49/23,<br>ടേക്ക് എ ബ്രേക്ക്-ടോയ്ലറ്റ് നിർമ്മാണം-ആവോലി.<br>2)190/23<br>ടേക്ക് എ ബ്രേക്ക് പൂർത്തീകരണം. |
| അടങ്കൽ | 1)1324000/-(ധന.ക.ഗ്രാന്റ്)&826000 /-(കേന്ദ്രാവിഷ്കൃതഫണ്ട്)<br>2)1580900/-(ധന.ക.ഗ്രാന്റ്)&1000000 /(കേന്ദ്രാവിഷ്കൃതഫണ്ട്),100/-(തനത് ഫണ്ട്) |
| ചെലവ്,ബിൽ.നം&-തീയതി | 1)1324000/-,178/21-10-23<br>2)561003/-,വൗച്ചർ നം.22200873/3-3-23<br>3)841346/-, 314/27-3-23. |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ സൂചിപ്പിരിക്കുന്ന പ്രോജക്ടുകൾ പ്രകാരം ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി ₹2726349/-രൂപ ചെലവഴിച്ചിട്ടുണ്ട്. 21-22 ൽ ആരംഭിച്ച പ്രോജക്ട് ആണിത്. നിലവിൽ കെട്ടിടം നിർമ്മിച്ച് പ്ലാസ്റ്ററിങ്ങ് വരെയുള്ള പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും ധാരാളം പ്രവൃത്തികൾ ചെയ്യുവാൻ അവശേഷിക്കുന്നു. ഇതിന്റെ കൂടെ ഒരു കോഫീ ഷോപ്പും നിർമിക്കുന്നുണ്ട്.

ടി പ്രോജക്ടിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും (വർഷം തിരിച്ചുള്ള തുകയുടെ വിവരങ്ങൾ) ഇത് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണമെങ്കിൽ ഇനിയെന്തെല്ലാം പ്രവൃത്തികൾ ചെയ്യേണ്ടതുണ്ടെന്നും ടി പ്രോജക്ടിനായി 23-24 വർഷം തുക വകയിരുത്തിയിട്ടുണ്ടോയെന്നും പണികൾ ആരംഭിച്ചിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ നൽകുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/30-10-23) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും ടേക്ക് എ ബ്രേക്ക്പണികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 കോൺഫറൻസ് ഹാൾ നവീകരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | S0195/23 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് കോൺഫറൻസ് ഹാൾ നവീകരണം |
| അടങ്കൽ, ഫണ്ട് | ₹1847845/-<br>(വികസനഫണ്ട് പൊതുവിഭാഗം ₹1347945/,<br>തനതുഫണ്ട് - ₹499900/-) |
| ചെലവ് | ₹1599169/-<br>(വികസനഫണ്ട് പൊതുവിഭാഗം ₹1347945/,<br>തനതുഫണ്ട് - ₹251224/-) |
| ബിൽ നം. വൗച്ചർ നം./തിയതി | 29/31.03.23 - ₹980100/-<br>28/29.03.23 - ₹367845/-<br>22201044/31.03.23 - ₹251224/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, മീറ്റിംഗ് ഹാൾ, റെക്കോർഡ് റൂം എന്നിവയുടെ ഫർണീഷിംഗ് നടപ്പാക്കുകയും, അതിലേക്കാവശ്യമായ ഫർണിച്ചർ വാങ്ങുകയുമാണ് ചെയ്തിട്ടുള്ളത്. അംഗീകൃത അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ടെൻഡർ ക്ഷണിച്ച് മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡാണ് പദ്ധതി നടപ്പാക്കിയത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട താഴെ കൊടുക്കുന്ന അന്വേഷണങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1) പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് നഗരസഭ മാർക്കറ്റ് സ്റ്റഡി നടത്തിയതിന്റേയൊ, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റേയോ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കോൺഫറൻസ് ഹാൾ, മീറ്റിംഗ് ഹാൾ, റെക്കോർഡ് റൂം എന്നിവിടങ്ങളിൽ എന്തെല്ലാം ഫർണീഷിംഗ് വർക്കുകൾ, ഏതൊക്കെ മെറ്റീരിയൽ ഉപയോഗിച്ച്, എത്ര അളവിൽ ചെയ്യണമെന്നോ, ഫർണ്ണിച്ചറിന്റെ എണ്ണമോ സ്പെസിഫിക്കേഷനോ ടെൻഡർ നോട്ടീസിൽ രേഖപ്പെടുത്തിയിരുന്നില്ല.

2) ഫർണിച്ചറിന്റെയും, ഫർണീഷിംഗ് വർക്കുകളുടേയും സ്പെസിഫിക്കേഷൻ ടെൻഡർ നോട്ടീസിൽ രേഖപ്പെടുത്താത്തതിനാൽ വിവിധ അക്രെഡിറ്റഡ് ഏജൻസികളിൽ നിന്നും ലഭിച്ച ടെൻഡറുകളും വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ളതായിരുന്നു. ലഭിച്ച ടെൻഡറുകളിൽ നിന്നും മീനച്ചിൽ റബ്ബർവുഡ് ലിമിറ്റഡിനെ പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3) പാനലിങ്, പാർട്ടീഷൻ, സീലിംഗ് പ്രവൃത്തികളുടെ എം ബുക്ക് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 1/25.10.23) സാമ്പത്തിക വർഷത്തിന്റെ അവസാനം അടിയന്തിരമായി പദ്ധതി നടപ്പാക്കേണ്ടി വന്നതിനാലാണ് നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായതെന്ന് മറുപടി നൽകിയിട്ടുണ്ട്. സൂചിത രേഖകൾ ഹാജരാക്കേണ്ടതും ഭാവിയിൽ പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1-29 അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ -അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 233/23<br>അസി.എഞ്ചിനീയറുടെ ഓഫീസിലേക്ക്<br>ഫർണീച്ചർ വാങ്ങൽ |
| അടങ്കൽ | 1,60,000/-<br>(മെയിന്റനൻസ് ഫണ്ട് നോൺറോഡ്) |
| ചെലവ് | 1,58,616/- |
| ബിൽ.നം-തീയതി | BRN-2212025209940152164 6<br>28-3-23 |
| നിർവഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ടി പ്രോജക്ട് പ്രകാരം അസി.എഞ്ചിനീയറുടെ ഓഫീസിലേയ്ക്കാവശ്യമായ ഫർണിച്ചർ അക്രഡിറ്റഡ് ഏജൻസിയായ മീനച്ചിൽ റബർ വുഡ്സിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസ് (നം-177,dtd, 27.03.23) പരിശോധിച്ചതിൽ വുഡൺ ഫർണിച്ചറിന് ബാധകമായ കോഡ്

തന്നെ (HSN-94036000) ട്രാൻസ്പോർട്ടേഷൻ ചാർജിനും രേഖപ്പെടുത്തി 18% നിരക്കിൽ ജി.എസ്.ടി ഈടാക്കിയിരിക്കുന്നതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ജി.എസ്.ടി @ | ആകെ |
|---|---|---|
| എ)ഫർണിച്ചറിന്റെ വില | 122200/- | 21996/- |
| ബി)ട്രാൻസ്പോർട്ടേഷൻ ചാർജ് | 12220/- | 2199.6 |
| | 134420/- | 24195(rounded) |

ഇൻവോയിസിലെ അപാകത സ്ഥാപനത്തെ അറിയിക്കേണ്ടതും ട്രാൻസ്പോർട്ടേഷൻ ചാർജിനുള്ള HSN കോഡ് ഉൾപ്പെടുത്തി പുതുക്കിയ ഇൻവോയിസ് ലഭ്യമാക്കേണ്ടതുമാണ്.

1-30 റോഡ് ആസ്തി മാപ്പിംഗ്- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 63/23 |
| പ്രോജക്ടിന്റെ പേര് | റോഡ് ആസ്തി മാപ്പിംഗ് |
| അടങ്കൽ | 42000/-(തനത് ഫണ്ട്-) |
| ചെലവ് | 16800/- |
| ബിൽ നം&തീയതി | വൗച്ചർ നം.22200268/ |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എൻജിനീയർ |

പഞ്ചായത്ത് പരിധിയിലെ റോഡുകൾ ,ഡ്രൈയിനേജുകൾ, കൾവർട്ടുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള ആസ്തികൾ R-Track മൊബൈൽ ആപ്പ് വഴി ട്രാക്ക് ചെയ്ത് ഡിജിറ്റൽ ഡാറ്റ തയ്യാറാക്കുന്നതിനായി വിഭാവനം ചെയ്തതാണ് മേൽ പ്രൊജക്റ്റ്. റോഡ് കണക്കിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ₹3000 ഒരു വാർഡിൽ പരമാവധി ചെലവാക്കാവുന്നതാണ്. ഫയൽ പരിശോധിച്ചതിൽ നിന്നും ആലീസ് തിമ്മാറെഡ്ഡി എന്ന വ്യക്തിക്ക് മേൽ വൗച്ചർ പ്രകാരം 16800/- രൂപ ടി പ്രവൃത്തിക്കായി നൽകിയിട്ടുണ്ട്. എന്നാൽ ചെയ്ത പ്രവൃത്തികളുടെ വിവരം ഫയലിൽ ലഭ്യമല്ല. ഇപ്രകാരം മൊബൈൽ ആപ്പ് വഴി മുഴുവൻ വാർഡുകളിലെയും ആസ്തികൾ ട്രാക്ക് ചെയ്തോയെന്ന വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/25-10-23) ലഭ്യമാക്കിയ മറുപടിയിൽ റോഡ് മാപ്പിംഗ് ഫസ്റ്റ് സ്റ്റേജ് പൂർത്തീകരിച്ചുവെന്നും ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അറിയിച്ചു. എല്ലാ വാർഡുകളിലെയും വിവരങ്ങൾ ശേഖരിച്ച് ഡാറ്റ വാലിഡേറ്റ് ചെയ്ത് ഡിജിറ്റലൈസ് ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-31 തെരുവ് വിളക്ക് പരിപാലനം - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | S0071/23 |
| പ്രോജക്ടിന്റെ പേര് | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ (SO) |
| അടങ്കൽ, ഫണ്ട് | ₹ 235000/- |
| ചെലവ് | ₹ 235000/ |

| | |
|---|---|
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം./തിയതി | 112/03.12.2022 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്ടിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി ഇ-ടെൻഡറിൽ ഏറ്റവും കുറവ് നിരക്ക് ക്വോട്ട് ചെയ്ത അഭിലാഷ് കരിപ്പുറത്ത് എന്ന ഇലക്ട്രിക് കോൺട്രാക്ടറെ തെരഞ്ഞെടുത്ത് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് ₹ 235000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ, തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പലതും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ: വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവും, ലൈറ്റുകൾ സ്ഥാപിച്ച തിയതിയും, അവയുടെ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും, സർവീസ് വാറന്റി കാലാവധിയും രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തൻമൂലം കരാറുകാരൻ ഹാജരാക്കിയിട്ടുള്ള ബില്ലുകൾ പ്രകാരമുള്ള ലൈറ്റുകളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല. കൂടാതെ നിലവിൽ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും സർവീസ് വാറന്റി കാലാവധിയും അവസാനിക്കാത്ത ലൈറ്റുകളും മാറ്റി സ്ഥാപിച്ച് അവക്ക് എ.എം.സി തുക നൽകുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്നില്ല.

2) പരാതി രജിസ്റ്റർ: തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി ഒരു പരാതി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയത് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണി നടത്തണമെന്നുമാണ് തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.3055/ഡി.എ3/2011/ത.സ്വ.ഭ.വ തീ.15.09.11 ൽ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരമൊരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കേടായ തെരുവ് വിളക്കുകൾ ശരിയാക്കിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം എ.എം.സി തുക നൽകുകയാണ് ചെയ്തു വരുന്നത്.

3) നോഡൽ ഓഫീസർ: ഗ്രാമ പഞ്ചായത്തുകളിൽ തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പൊതുജനങ്ങളിൽ നിന്നും മറ്റും സ്വീകരിക്കുന്നതിനും തുടർ നടപടികൾക്കുമായി നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 17.8.15 ലെ ജി2-44274/2015 നമ്പർ ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. തെരുവ് വിളക്ക് സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ, പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തി, നോഡൽ ഓഫീസർ മെയിന്റനൻസ് ടീമിന് കൈമാറേണ്ടതും പരിഹരിച്ച പരാതികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നോഡൽ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ നടപ്പായിട്ടില്ല.

4) സർക്കുലർ നം. 65529/ഡി.സി.3/12/തസ്വഭവ. തീ.12-3-2013 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും ആയതിന് കെ.എസ്.ഇ.ബി. സാങ്കേതിക സഹായം നല്കുന്നതുമാണ്. എന്നാൽ പഞ്ചായത്തിൽ മുഴുവൻ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/30.10.23) അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാർഡ് തിരിച്ച് ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും സ്ഥാപിച്ചിരിക്കുന്ന ലൈറ്റിന്റെ തരവും, ലൈറ്റുകൾ സ്ഥാപിച്ച തിയതിയും, അവയുടെ റീപ്ലേസ്മെന്റ് വാറന്റി കാലാവധിയും, സർവീസ് വാറന്റി കാലാവധിയും രേഖപ്പെടുത്തി തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്ററും ഒപ്പം പരാതി രജിസ്റ്ററും തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-32 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | S0201/23 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് കണക്ടർ, കൺട്രോളർ എന്നിവ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ട് | ₹ 28,610/- |
| ചെലവ് | ₹ 28,610/-<br>വികസനഫണ്ട് - പൊതുവിഭാഗം |
| യുടിആർ നമ്പർ/തിയതി | RBI0312367834983,31.01.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ സൂചിപ്പിച്ച പ്രോജക്റ്റിൽ സ്ട്രീറ്റ് ലൈറ്റ് കണക്റ്റർ, കൺട്രോളർ എന്നിവ സ്ഥാപിക്കുന്നതിന് കേരള ഇലക്ട്രിസിറ്റി ബോർഡ്, മൂവാറ്റുപുഴ ഇലക്ട്രിക്കൽ സെക്ഷന് 1, അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യലയത്തിൽ ₹28,610/-നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ പദ്ധതി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി.നം. 24/30.10.23) ആയത് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ പദ്ധതിയുടെ ചെലവ് തുക ₹ 28,610/- ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-33 കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് /നം. | എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ , S0017/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി |
| അടങ്കൽ തുക | ₹600,000.00 (മെയിന്റനൻസ് ഫണ്ട്, റോഡിതരം) |
| ചെലവ് | ₹599,859.00 |

| ക്രമ നം | തുക | ബിൽ/ വൗച്ചർ നം , തീയതി (എ.സി.ആർ പ്രകാരം) |
|---|---|---|
| 1 | 149182 | 253, 14.03.23 |
| 2 | 23676 | 342, 29.03.23 |
| 3 | 14959 | 24, 10.06.22 |
| 4 | 33884 | 318, 27.03.23 |
| 5 | 14826 | 32, 28.06.22 |
| 6 | 49998 | 149, 06.01.23 |
| 7 | 49993 | 150, 06.01.23 |
| 8 | 99551 | 159, 12.01.23 |
| 9 | 49999 | 204, 13.02.23 |
| 10 | 49772 | 66, 20.09.22 |
| 11 | 64019 | 256, 14.03.23 |
| ആകെ | 5,99,859 | |

എഫ്.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ പ്രോജക്റ്റിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് (കെ.എസ്.ഡി.പി.എൽ), സപ്ലൈകോ എന്നീ സ്ഥാപനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി പണം നൽകിയിരുന്നു. മരുന്ന് ലഭ്യമായ ഇൻവോയിസുകളുടെ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ഥാപനം | മരുന്ന് ലഭ്യമായ ഇൻവോയിസ് നം, തീയതി | തുക |
|---|---|---|---|
| 1 | കെ.എസ്.ഡി.പി.എൽ | OMM 0535, 18.03.23 | 33884 |
| 2 | കെ.എസ്.ഡി.പി.എൽ | OMM 0347, 31.01.23 | 62619 |
| 3 | കെ.എസ്.ഡി.പി.എൽ | OMM 0400, 20.02.23 | 1400 |
| 4 | സപ്ലൈകോ | 0703301/22662, 25.11.22 | 49961 |
| 5 | സപ്ലൈകോ | 0703301/221033, 08.02.23 | 49631 |
| 6 | സപ്ലൈകോ | 0703301/22769, 20.12.22 | 49590 |
| 7 | സപ്ലൈകോ | 0703301/221309, 20.03.23 | 17589 |
| 8 | സപ്ലൈകോ | 0703301/221225, 11.03.23 | 6087 |

| | | | |
|---|---|---|---|
| 9 | സപ്ലൈകോ | 0703304/2215, 02.06.22 | 14959 |
| 10 | സപ്ലൈകോ | 0703304/2221, 20.06.22 | 14826 |
| 11 | സപ്ലൈകോ | 0703301/22441, 12.09.22 | 49998 |
| 12 | സപ്ലൈകോ | 0703301/22518, 14.10.22 | 49993 |
| 13 | സപ്ലൈകോ | 0703301/22894, 04.01.23 | 49999 |
| 14 | നീതി മെഡിക്കൽ സ്റ്റോർ | 5761, 01.08.22 | 49772 |
| | ആകെ | | 500308 |

ആകെ 500,308/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബിൽ നം 159, തീയതി 12.01.23 പ്രകാരം സപ്ലൈകോക്ക് നൽകിയ 99551/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23, 30.10.23) മറുപടി ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 99551/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ- മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ , S0025/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ തുക | ₹300000.00/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവഴിച്ച തുക, ബിൽ നം, തീയതി | ₹300000.00/- 151, 07.01.2023 |
| പ്രൊഫോർമ ഇൻവോയിസ് നം., ഹോംകോ.ഓർഡർ നം | PF-858 07D03/22-23/1-15/8/22 |

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി ₹300,000.00 ഹോംകോ- ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹2,50,897 യുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ₹49103 യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ലഭ്യമായ മരുന്നുകളുടെ ഇൻവോയിസ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം, തീയതി | തുക |
|---|---|
| LF-837, 03.08.2023 | ₹137,007.00 |
| LF-1666, 10.10.2023 | ₹113,890.00 |

മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05 തീയതി 26.10.23) മരുന്ന് ഉടൻ ലഭ്യമാക്കുന്നതാണെന്ന് ഹോംകോയിൽ നിന്നും അറിയിച്ചിട്ടുള്ളതായി മറുപടി ലഭിച്ചു. മരുന്ന് യഥാസമയം ലഭ്യമാകാത്തത് സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാൽ കാലതാമസം കൂടാതെ മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്ന് ലഭ്യമായതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ₹49103 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 ക്രമീകരിക്കപ്പെടാത്ത നിക്ഷേപ പ്രവൃത്തികൾ

1. കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ | ഓഡിറ്റ് വർഷത്തിൽ | ധനവിനിയോഗ | വർഷാവസാനം ക്രമീകരിക്കുവാൻ |
|---|---|---|---|---|

| | ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | നിക്ഷേപിച്ച തുക | സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹482358 | 0 | 0 | ₹482358 |

നിക്ഷേപ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| 2021-22 | 229/21-22 പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 22100946/ 28.12.2021 22101325/ 30.03.2022 | ₹482358 |
| ആകെ | | | ₹482358 |

2) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹2,22,400 | ₹35,836 | 0 | ₹2,58,236 |

നിക്ഷേപപ്രവൃത്തികളുടെ വിവരങ്ങളടങ്ങുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിവരങ്ങളും നീക്കിയിരുപ്പ് തുകയുടെ കൃത്യതയും ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കേണ്ടതും വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി ഇനി ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൌണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2022-23 | 2695478 | 105/23 ലൈഫ് ഭവനപദ്ധതി -ജനറൽ | 1340000 | 0 |
| | | | | 208/23, തരിശ് നെൽകൃഷി | 21630 | 0 |
| | | | | 108/23 ലൈഫ് ഭവനപദ്ധതി -എസ് സി | 680000 | 0 |
| | | | | 156/23, സമഗ്ര നെൽകൃഷി വികസനം | 178848 | 0 |
| | | | | 20/23 ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | | | 168/23 പാലിന് സബ്സിഡി | 150000 | 0 |
| | | | | 203/23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | 0 |
| | ആകെ | | 2695478 | | 2695478 | |
| 2 | ബ്ലോക്ക്പഞ്ചായത്ത് (മൂവാറ്റുപുഴ ബ്ലോക്ക്) | 2022-23 | 2687986 | 108/23 ലൈഫ് ഭവനപദ്ധതി -ജനറൽ | 780000 | 0 |
| | | | | 205/23 ലൈഫ് ഭവനപദ്ധതി-എസ്.സി രണ്ടാം ഘട്ടം | 153000 | 0 |
| | | | | 105/23 ലൈഫ് ഭവനപദ്ധതി -എസ് സി | 200000 | 0 |
| | | | | 144/23 വാച്ച് സ്റ്റേഷൻ റോഡ് പുനരുദ്ധാരണം | 427356 | |
| | | | | 156/23, സമഗ്ര നെൽകൃഷി വികസനം | 56000 | 0 |
| | | | | 20/23 ഭിന്നശേഷികുട്ടികൾക്ക് | 450000 | 0 |

| | | | | |
|---|---|---|---|---|
| | | സ്കോളർഷിപ്പ് | | |
| | | 208/23, തരിശ് നെൽകൃഷി | 21630 | 0 |
| | | 168/23 പാലിന് സബ്സിഡി | 200000 | 0 |
| | | 203/23 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 300000 | 0 |
| | | 28/23 സാന്ത്വന പരിചരണം | 100000 | 0 |
| ആകെ | 2687986 | | 2687986 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികളുടെ വിവരം

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മുൻകൂർ നിക്ഷേപിച്ചിട്ടുള്ള തുക, ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പ്രവൃത്തിയുടെ പേര് | യുടിആർ നമ്പർ/തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | സ്ട്രീറ്റ് ലൈറ്റ് കണക്ഷൻ, കൺട്രോളർ എന്നിവ സ്ഥാപിക്കൽ (എസ്.0201/23) | RBI0312367834983/31.01.23 | ₹28610 | 0 | ₹28610 |
| 22-23 | നിർമ്മലാവാലി റോഡ് പുനരുദ്ധാരണം (എസ്.0136/23) | RBI0582317818619/27.02.23 | ₹7,226 | | ₹7226 |
| ആകെ | | | ₹35836 | - | ₹35836 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക +തൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | വർഷ വരവ് | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി (കെയുആർ ഡിഎഫ്സി) | ജി.ഒ.6105/2019 /ധനം/ 1.08.2019 | ₹37865021 | ₹30121021 | ₹3027725 | 0 | ₹27093296 |
| ലൈഫ് ഭവനപദ്ധതി (ഹഡ്കോ) | | ₹3340000 | | 0 | 0 | ₹3340000 |

(S0242/23, S0213/23, S0078/23, S0212/23, S0241/23 എന്നീ ജി.ഒ. പ്രോജക്ടുകൾ മുഖേനയാണ് തൻവർഷം വായ്പ തിരിച്ചടച്ചിരിക്കുന്നത്.)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന ₹ 2,49,449/- വിവരം താഴെ ചേർക്കുന്നു. ഈ തുക പ്രയർ പിരീഡ് ഇൻകം എന്ന ഹെഡിലാണ്അക്കൗണ്ട് ചെയ്തിരിക്കുന്നത്.

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 1-15 | ₹1,21,280.00 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി,ആവോലി | 1220100775/02.06.22 |
| 2 | 2009-10 2010-11 2011-12 | 2-1 | ₹7,500.00 | പ്രിൻസിപ്പാൾ, നിർമ്മല കോളേജ് ഓഫ് ഫാർമസി, മൂവാറ്റുപുഴ | 1220101541/10.08.22 |
| 3 | 2016-17 | 2-5 | ₹36,550.00 | പ്രിൻസിപ്പാൾ, നിർമ്മല കോളേജ് ഓഫ് ഫാർമസി, മൂവാറ്റുപുഴ | 1220101542/10.08.22 |

| | | | | | |
|---|---|---|---|---|---|
| 4 | 2006-07<br>2018-19<br>2013-14<br>2008-09<br>2011-12 | 2-3a<br>1-13<br>2-3(6)<br>2-1<br>2-1c(3) | ₹15,019.00 | രിൻസിപ്പാൾ, എച്ച്എം ട്രെയിനിംഗ് കോളേജ് രണ്ടാർ | 1220101784/01.09.22 |
| 5 | 2017-18 | 2-1 | ₹66,940.00 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി,ആവോലി | 1220101822/06.09.22 |
| 6 | 1999-00 | 2-1 | ₹2,160.00 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഗ്രോ ഫ്രൂട്ട് പ്രോസസിംഗ് കമ്പനി,ആവോലി | 1220102625/29.10.22 |
| | | ആകെ | ₹2,49,449.00 | | |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

ഇല്ല

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,83,12,560.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,44,64,906.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹18,84,598.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹11,500 | ശ്രീ ഷാജി.ഇ.കെ<br>കൃഷി ഓഫീസർ |
| 1-21 | ₹3,50,000 | ശ്രീ.മുഹമ്മദ് ഷെഫീക്, |

| | | |
|---|---|---|
| | | വി ഇ ഒ, ആവോലി |
| 1-21-1 | ₹3,25,000 | ശ്രീ. മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| 1-22 | ₹12,306 | ശ്രീമതി ശ്രീല ഗോവിന്ദൻ കൃഷി ഓഫീസർ |
| 1-23 | ₹1,44,000 | ശ്രീ.മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| 1-23-1 | ₹18,070 | ശ്രീ.മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| 1-23-2 | ₹1,18,497 | ശ്രീ.മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| 1-23-3 | ₹2,00,000 | ശ്രീ.മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| | ₹1,00,000 | ശ്രീ.മഞ്ജൂഷ് ജോസഫ്, വി ഇ ഒ, ആവോലി |
| 1-24 | ₹4,27,961 | ശ്രീ.മുഹമ്മദ് ഷെഫീക്, വി ഇ ഒ, ആവോലി |
| 1-32 | ₹28,610/- | ശ്രീമതി. ദീപ കുമാരി എം കെ സെക്രട്ടറി |
| 1-33 | ₹99551/- | ഡോ. ജൂനിയ കെ, മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| 1-34 | ₹49103 | ഡോ.എമിൽ പി എ , മെഡിക്കൽ ഓഫീസർ ഹോമിയോ |
| ആകെ | ₹18,84,598/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി. ദീപ കുമാരി എം കെ സെക്രട്ടറി | വിരമിച്ചു | കൊരുമ്പൂർ, ഐമുറി പി ഒ, പെരുമ്പാവൂർ |

| | | | |
|---|---|---|---|
| 2 | ഡോ. ജൂനിയ കെ,<br>മെഡിക്കൽ ഓഫീസർ<br>എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ<br>എഫ്.എച്ച്.സി,<br>ആരക്കുന്നം | പ്രശാന്തി,<br>കൊച്ചിൻ പാലസ് പി.ഒ<br>തൃപ്പൂണിത്തുറ<br>682301 |
| 3 | ഡോ. എമിൽ പി എ ,<br>മെഡിക്കൽ ഓഫീസർ<br>ഹോമിയോ | മെഡിക്കൽ ഓഫീസർ,<br>ഗവ. ഹോമിയോ<br>ഡിസ്പെൻസറി,<br>ആവോലി | പാമ്പത്ത് ഹൗസ്,<br>ആവോലി പി.ഒ.,<br>മൂവാറ്റുപുഴ-686670 |
| 4 | ശ്രീ. മുഹമ്മദ് ഷെഫീക്<br>വി ഇ ഒ, ആവോലി | വി ഇ ഒ,<br>ആവോലി ഗ്രാമപഞ്ചായത്ത് | സൈന മൻസിൽ,<br>അട്ടുപ്പറമ്പ്,<br>മൂവാറ്റുപുഴ |
| 5 | ശ്രീ. ഷാജി.ഇ.കെ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>ആവോലി ഗ്രാമപഞ്ചായത്ത് | ഇടക്കുടിയിൽഹൌസ്<br>നേര്യമംഗലം പി.ഒ<br>കോളനി.686693 |
| 6 | ശ്രീമതി. ശ്രീല ഗോവിന്ദൻ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>പാമ്പാക്കുട<br>ഗ്രാമപഞ്ചായത്ത് | കാരിക്കൽ, ഐരാപുരം<br>പി ഒ,<br>പെരുമ്പാവൂർ |
| 7 | ശ്രീ. മഞ്ജുഷ് ജോസഫ്<br>വി ഇ ഒ, ആവോലി | വി ഇ ഒ,<br>ആവോലി ഗ്രാമപഞ്ചായത്ത് | ചെമ്പംകുഴിയിൽ<br>ഇലഞ്ഞി-686665 |

## 4-11 തീർപ്പാക്കുവാൻ ശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1972-73 | എൽ.എഫ്.ഇ.(പി.4)258/86/ 13-01-1987 |
| 1982-83 | എൽ.എഫ്.ഇ. (പി.4)1534/8624-04-1987 |
| 1983-84 | എൽ.എഫ്.ഇ.(പി.4)2383/87/ 10-02-1988 |
| 1984-85 | എൽ.എഫ്.ഇ.(പി.4)126/88/ 13-05-1988 |
| 1985-86 | എൽ.എഫ്.ഇ.(പി.4)346/89 / 21-08-1989 |
| 1986-87 | എൽ.എഫ്.ഇ.(പി.4)609/91/ 6-06-1991 |
| 1987-88 | എൽ.എഫ്.ഇ.(പി.4)1122/91/ 17-01-1992 |
| 1988-89, 1989-90 | എൽ.എഫ്.ഇ.(പി.4)258/86 / 13-01-1993 |
| 1990-91, 1991-92 | എൽ.എഫ്.ഇ.(പി.4)434/93 / 31-10-1995 |
| 1992-93 | എൽ.എഫ്.ഇ.(പി.3)445/96 / 19-07-1996 |
| 1996-97 ചെലവ് | എൽ.എഫ്.ഇ.(പി.5)1150/97/ 19-04-1999 |
| 1997-98, 1998-99 | എൽ.എഫ്.ഇ.(പി.5)1059/02 / 2-12-2002 |
| 1999-00 പ്ലാൻ | എൽ.എഫ്.ഇ.(പി.5)183/05 / 17-08-2005 |

| | |
|---|---|
| 1996-97 വരവ് | എൽ.എഫ്.ഇ.(പി.5)1213/7/ 12-02-2008 |
| 1997-98 | എൽ.എഫ്.ഇ.(പി.5)1214/07/ 12-02-2008 |
| 1998-99 | എൽ.എഫ്.ഇ.(പി.5)1215/07/ 12-02-2008 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (1) /2018/10.07.19 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (4) /2018/10.07.19 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.8) 718 (5) /2018/10.07.19 |
| 2005-06, 2006-07, 2007-08, 2008-09 | എൽ.എഫ്.ഇ.(പി.5)180/09 / 14-05-2010 |
| 2009-10, 2010-11, 2011-12 | എൽ.എഫ്.ഇ.(പി.8)689/13 / 25-11-2013 |
| 2012-13, 2013-14 | എൽ.എഫ്.ഇ.(പി.8)1791/14/ 15-12-2014 |
| 2014-15 | എൽ.എഫ്.ഇ.(പി.8)1193/16/ 19-07-2016 |
| 2015-16 | കെ എസ് എ (ഇ.കെ.എം)(പി.8)1905/16/ 28-11-2016 |
| 2016-17 | കെ എസ് എ-(ഇ.കെ.എം)(പി.8) 2181/17/ 29-11-2017 |
| 2017-18 | കെ എസ് എ -ഇ.കെ.എം(പി.8) 1170/19/ 02.08.2019 |
| 2018-19 | കെ എസ് എ -ഇ.കെ.എം(പി.8) 123/19/ 14.02.2020 |
| 2019-20 | കെ.എസ്.എ.-ഇ.കെ.എം.(പി8) 984/2021 തീയതി 27.08.2021 |
| 2020-21 | കെ.എസ്.എ.-ഇ.കെ.എം.(പി8) 985/2021 തീയതി 27.08.2021 |
| 2021-22 | കെ.എസ്.എ.-ഇ.കെ.എം.(പി8) 330/2023 തീയതി 17.04,2023 |

.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 10-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Avoly Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Avoly Grama Panchayat for the year 2022-2023

Date: 15/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Avoly Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non inclusion of Notes to accounts in Financial statements and non disclosure of Accounting ratios.
2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

**2.Other Observations**

1) Excess of Income over expenditure being carry forwarded to B1 schedule is not correct.
2) The arrear with regard to Street water tap charges is not included as liability in Balance Sheet.
3) The closing balance of CFC as per B4 schedule and RP40(B) schedule does not match.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആവോലി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്